




*ഒരു സമൂഹചിന്തകൻെറ ഉൾക്കരുത്തിൽനിന്ന് ഉരുത്തിരിയുന്ന ഫാറൂഖ് കോളേജിൻെറ പരിസരവികസനത്തിനുള്ള സമഗ്രമായ ഒരു പദ്ധതിയുടെ രൂപരേഖ.*

പ്രൊഫ. ടി. അബ്ദുല്ല

# കോളേജ് പരിസരം

## ഒരു വികസന രൂപരേഖ

നാല്പതു വർഷങ്ങൾക്കുമുമ്പ് ഇരുമൂളിപ്പറമ്പ് എന്ന് കേൾക്കുമ്പോൾ ജനം ഭയപ്പെട്ടിരുന്നു. നട്ടുച്ചക്ക് പോലും ഇരുമൂളിപ്പറമ്പിലൂടെ ഒറ്റക്കു നടന്നുപോകാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. വന്യജന്തുക്കളുടെയും, പെരുമ്പാമ്പിൻെറയും, പിശാചുക്കളുടെയുമെല്ലാം സങ്കേതമായിട്ടാണ് ആളുകൾ ഈ സ്ഥലത്തെ വിശേഷിപ്പിച്ചിരുന്നത്. എന്നാൽ സ്വപ്നത്തിൽ ആരോ മന്ത്രിച്ചുവെന്ന് അബുസ്സബാഹ് അഹമദ് അലി മൗലവി സാഹിബിന് തോന്നിയതിൻെറ ഫലമായാണ് ആദ്യം അറബിക് കോളേജിനും പിന്നീടു മറ്റു സ്ഥാപനങ്ങൾക്കും ആസ്ഥാനമായി മാറിയ ഈ കുന്നിൻപുറം തിരഞ്ഞെടുക്കാൻ അദ്ദേഹത്തേയും സ്നേഹിതന്മാരേയും പ്രേരിപ്പിച്ചത്. അങ്ങനെയാണ് 1948-ൽ ഇന്ന് ഫാറൂഖ് കോളേജ് നിലകൊള്ളുന്ന സ്ഥലത്തെ പഴയ കെട്ടിടങ്ങൾ ഒന്നിനുപിറകെ മറ്റൊന്നായി പണിതീർന്നത്.

തുടക്കത്തിൽത്തന്നെ ദ്രുതഗതിയിലുള്ള കോളേജ് കെട്ടിടങ്ങളുടെയും മറ്റു അനുബന്ധ സൗകര്യങ്ങളുടെയും വളർച്ചകണ്ട മദിരാശി സർവ്വകലാശാലയാൽ നിയമിതമായ സന്ദർശനക്കമ്മീഷൻ 'നിങ്ങളുടെ വശം അലാവുദ്ദീൻെറ അത്ഭുതവിളക്കുണ്ടോ' എന്ന് ചോദിക്കാൻ പ്രേരിതനായി. ആ അത്ഭുതവിളക്കിൻെറ അത്ഭുതസൃഷ്ടികൾ ഇന്നേവരെ അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നതായാണ് നാം കാണുന്നത്. ഇന്ന് ഫാറൂഖ് കോളേജ് കെട്ടിടങ്ങളുടെ കാര്യത്തിലും മറ്റു പഠന സൗകര്യങ്ങളുടെ കാര്യത്തിലും കേരളത്തിലെ മറ്റേത് കലാലയത്തേക്കാളും മികച്ചുനില്ക്കുന്നുവെന്നാണ് ഈ കലാലയം സന്ദർശിച്ചിട്ടുള്ള പ്രഗത്ഭമതികളുടെയെല്ലാം അഭിപ്രായം. ഒരുപക്ഷേ ഇന്ത്യയിൽത്തന്നെ ഇതിനെ കവച്ചുവെക്കുന്ന ഈ ഇനത്തിൽപ്പെട്ട കലാലയങ്ങൾ വളരെ വിരളമാണെന്നു തോന്നുന്നു.

ഇരുമൂളിപ്പറമ്പിൽ ഈ വളർച്ചയും സൗകര്യങ്ങളുമെല്ലാം ഉണ്ടായെങ്കിലും കോളേജിൻെറ പരിസരപ്രദേശങ്ങൾ ഇനിയും വളരെയേറെ വളരേണ്ടതും വികസിക്കേണ്ടതുമാണ്. കോളേജ് ഗതാഗത കാര്യത്തിൽ കോഴിക്കോട് നഗരത്തിൻെറ ട്രാഫിക് മേപ്പിൽ ശ്രദ്ധേയമായ സ്ഥാനം നേടുകയുണ്ടായി. ഓരോ പതിനഞ്ചുനിമിഷം ഇടവിട്ട് കോഴിക്കോട്ടേയ്ക്കും തിരിച്ചും സൗകര്യപ്രദമായ സിറ്റിബസ്സുകൾ രാവിലെ 5.30 മണി മുതൽ രാത്രി 10.30 വരെ ഓടുന്നുണ്ടെങ്കിലും ഈ ബസ്സുകളെല്ലാം ഒരേ റൂട്ടിലൂടെ മാത്രം ഓടുന്നവയാണ്. കോളേജും കോഴിക്കോടുമായി ബന്ധിക്കുന്ന ബൈപ്പാസ് റോഡിൻെറ പണികൂടി പൂർത്തിയായാലേ കോളേജ് കോഴിക്കോടുമായി വേണ്ടത്ര അടുക്കുകയുള്ളൂ. ബൈപ്പാസ് റോഡിൻെറ പൂർത്തീകരണം കോളേജിനെ എല്ലാ അർത്ഥത്തിലും കോഴിക്കോട് നഗരത്തിൻെറ ഒരു ഭാഗമാക്കി മാറ്റും. അതോടെ കോളേജ് പരിസരപ്രദേശത്തിൻെറ മുഖച്ഛായ പാടെ മാറിയേക്കും. വികസനം അനിവാര്യമായ മറ്റൊരു റോഡാണ് ഫാറൂഖ് കോളേജ് - ഊട്ടി റോഡ്. ഈ റോഡും വീതികൂട്ടിയും വളവുകളും കയറ്റങ്ങളും ഒഴിവാക്കിയും കൂടുതൽ സൗകര്യപ്പെടുത്തേണ്ടതായുണ്ട്. വലിയ പണച്ചിലവില്ലാതെ തന്നെ ഇത് സാദ്ധ്യമാവുന്നതാണ്. അധികൃതരുടെ ശ്രദ്ധ തിരിയുക മാത്രമേ കാര്യമായി വേണ്ടൂ. കോഴിക്കോട് സർവ്വകലാശാലയും ഫാറൂഖ് കോളേജുമായി ബന്ധപ്പെടുത്തുന്ന കുറുകെയുള്ള റോഡും വാഹന സൗകര്യവുമാണ് മറ്റൊരാവശ്യം.

ഫറൂക്ക്

കോളേജ് ഇത്രയൊക്കെ അഭിവൃദ്ധിപ്പെടുകയും പരിസരത്ത് ഒരു സർവ്വകലാശാലതന്നെ സ്ഥാപിതമാവുകയും കരിപ്പൂരിൽ വിമാന ത്താവളം വരികയും ഇവയ്ക്കെല്ലാം ഏക റെയിൽവേ സ്റ്റേഷനായി ഫറൂക്ക് നിലകൊള്ളുകയും ചെയ്തിട്ടും ഫറൂക്ക് റെയിൽവേ സ്റ്റേഷൻ യാതൊരു മാറ്റവുമില്ലാതെ പഴയപടി നിലകൊള്ളുന്നുവെന്നത് ഒരു വിധിവൈപരീത്യമാണ്. ഉൽബുദ്ധമായ ഒരു പരിസരത്തിന്റെ ഉടമ മാത്രമല്ല ഫറൂക്ക് റെയിൽവേ സ്റ്റേഷൻ. പല ചരിത്രസംഭവ ങ്ങൾക്കും സാക്ഷ്യം വഹിക്കുകയും ബാസൽ മിഷ്യനെപ്പോലെയുള്ള മതപീഠങ്ങളേയും വ്യവസായപ്രമാണികളേയും ആകർഷിക്കുക യും ചെയ്ത സ്ഥലവുമാണിത്. എന്നിട്ടും യാതൊരു പരിഗണനയു മില്ലാതെ സുഷുപ്തിയിലാണ് കിടക്കുകയെന്നത് ഒട്ടും ക്ഷന്തവ്യമല്ല. ഫാറൂഖ് കോളേജിന്റെയും കോഴിക്കോട് സർവ്വകലാശായുടെയുമെ ല്ലാം ശ്രദ്ധ ഇതിന്റെ വികസനയത്നങ്ങളിലേക്ക് തിരിക്കേണ്ടതാണ്. അടുത്ത കാലത്ത് നമ്മുടെ പ്രധാനമന്ത്രി രാജീവ്ഗാന്ധി ഈ വഴിയെ കടന്നുപോയപ്പോൾ സർവ്വെ ഓഫ് ഇന്ത്യ മേപ്പെടുത്ത് ഫറൂക്കിലെ ടിപ്പുവിന്റെ കോട്ടയെ സംബന്ധിച്ച് അന്വേഷിച്ചെങ്കിലും കൂടെയു ണ്ടായിരുന്ന ആർക്കും അതെപ്പറ്റി ഒരു വിവരവുമുണ്ടായിരുന്നില്ല. ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥലമെന്ന നിലയിൽ റെയിൽവേ ഗൈ ഡിലും ഫറൂക്കിനെപ്പറ്റി പരാമർശമുണ്ട്.

സ്ഥലത്തിന്റെ ചരിത്രപരമായും വ്യാവസായികമായുമുള്ള പ്രാ ധാന്യം വെളിച്ചത്തു കൊണ്ടുവരേണ്ടതും എല്ലാ സൗകര്യങ്ങളുമുള്ള ഒരു ഒന്നാന്തരം റെയിൽവേ സ്റ്റേഷനായി ഫറൂക്കിനെ ഉയർത്തേണ്ട തിന്റെ ആവശ്യകത അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ഫാറൂഖ് കോളേജിന്റെയും, കോഴിക്കോട് സർവ്വകലാശാലയുടെയും ഒരു കടമയാണ്. റെയിൽവേ സ്റ്റേഷൻ പുതുക്കിപ്പണിയേണ്ടതും വികസിപ്പിക്കേണ്ടതും ഫറൂക്കിൽനിന്നും ബേപ്പൂർ തുറമുഖത്തേക്കും മേലാട്ടൂരിലേക്കും ഓരോ റെയിൽ ബന്ധം സ്ഥാപിക്കേണ്ടതും എത്ര കണ്ട് അനിവാര്യമാണെന്ന കാര്യം വേണ്ടപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെ ടുത്തേണ്ടതും ഈ രണ്ടു സ്ഥാപനങ്ങളുടെ ബാദ്ധ്യത തന്നെയാണ്. ഫറൂക്കിലൂടെ കടന്നു പോകുന്ന വണ്ടികളെല്ലാം ഇവിടെ അഞ്ചുമി നിട്ടുനേരമെങ്കിലും നിറുത്തി യാത്രക്കാരെ എടുക്കേണ്ടതും പ്രത്യേകം റിസർവ്വേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. വിമാന ത്താവളം വികസിക്കുന്നതനുസരിച്ച് അതിന്റെ ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന റെയിൽവേ സ്റ്റേഷനെന്ന നിലക്ക് ഫറൂക്ക് എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള ഒരു റെയിൽവേ സ്റ്റേഷനായി വികസിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. ബേപ്പൂരും ചാലിയവും വികസിക്കുന്നതോടൊപ്പം ഫറൂക്കിന് വികാസം നിർബന്ധവുമാണ്.

ബേപ്പൂർ

വികസനത്തിനായി ദാഹിച്ചു കഴിയുന്ന മറ്റൊരു വേഴാമ്പലാണ് ബേപ്പൂർ തുറമുഖം. ചരിത്രാതീതകാലം മുതൽക്കേ സ്വർണ്ണവും, സുഗന്ധവസ്തുക്കളും മദ്ധ്യ-പൌരസ്ത്യ ദേശങ്ങളിലേക്കും, യൂറോപ്പിലേക്കും കിഴക്ക് ചൈനയിലേക്കുമെല്ലാം കയറ്റുമതി ചെയ്തിരുന്ന പ്രധാന തുറമുഖമായിരുന്നു ബേപ്പൂർ. "Solomon obtained his gold from optiv" ഇവിടെ 'optiv' എന്നാൽ ബേപ്പൂരാണെന്നാണ് ബലമായ അഭിപ്രായം. അത്രയും പഴക്കവും പ്രാധാന്യവും പ്രസിദ്ധി യുമുള്ളതും അതെസമയം കാലഭേദമെന്യേ ഉപയോഗപ്പെടുത്താൻ പറ്റിയതുമായ, പ്രകൃതിദത്തമായ ഒട്ടേറെ സൗകര്യങ്ങളുള്ള ഒരു തുറമുഖം ശൂന്യമായി കിടക്കുന്നുവെന്നത് അക്ഷന്തവ്യമാണ്. പരിസ രവാസികളുടെ അലസതയും അജ്ഞതയുമാണിതിന് പ്രധാന കാര ണം. ബേപ്പൂരുമായി താരതമ്യപ്പെടുത്തുമ്പോൾ ഒട്ടും പ്രകൃതിദത്തമാ യ സൗകര്യങ്ങളില്ലാത്ത മംഗലാപുരം നല്ലൊരു തുറമുഖമായി മാറി. തദ്ദേശവാസികളുടെ നിരന്തരമായ ശ്രമം കാരണം കണ്ട്ല ഒരു സർവ്വകാല തുറമുഖമായി മാറി. ഒരുപക്ഷെ കൊച്ചിയുടെ വികസ നമായിരിക്കാം ബേപ്പൂരിനെ അവഗണിക്കാൻ പ്രേരിപ്പിച്ച വസ്തുത. പക്ഷെ കൊച്ചിക്ക് ബദലായി മറ്റൊരു തുറമുഖം തയ്യാറാക്കി നിർത്തേ ണ്ടത് രാഷ്ട്രത്തിന്റെ പൊതുരക്ഷക്ക് എപ്പോഴും ആവശ്യമാണ്. അങ്ങിനെ തയ്യാറാക്കി നിർത്താൻ ഏറ്റവും യോജിച്ച സ്ഥലം ബേ പ്പൂരാണ്. ക്രിസ്താബ്ദം 1800-ാമാണ്ടിൽ ഫ്രാൻസിസ് മോറോ ഈ പ്രദേശം സന്ദർശിച്ച് ബേപ്പൂരിന്റെ വികസന സാധ്യതയെക്കുറിച്ച് പഠനം നടത്തുകയുണ്ടായി. അക്കാലത്ത് മരത്തടിയായിരുന്നു പ്രധാ ന കയറ്റുമതി ചരക്ക്.

1948 മുതൽ 62 വരെയുള്ള കാലഘട്ടത്തിൽ കേന്ദ്രസർക്കാരിനാൽ നിയുക്തമായ ചില സംഘങ്ങൾ ബേപ്പൂർ സന്ദർശിച്ചു വികസനസാ ദ്ധ്യതകൾ പഠിക്കുകയുണ്ടായി. അവർ ചില വികസന പദ്ധതികൾ നിർദ്ദേശിക്കുകയുമുണ്ടായി. പക്ഷെ 1981-ൽ മാത്രമാണ് തുറമുഖ വികസനത്തിന്റെ ആദ്യഘട്ടമെന്ന നിലക്ക് കടലിലേക്ക് തള്ളിനില് ക്കുന്ന രണ്ടു പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിച്ചത്. പക്ഷെ ഇവയുടെ പ്രവർത്തനം വളരെ മന്ദഗതിയിലേ നീങ്ങുന്നുള്ളു. പുലി മുട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കി കേന്ദ്രസർക്കാർ കമ്മറ്റിയുടെ രണ്ടാംഘട്ട വികസന പരിപാടികൾ നടപ്പിലാക്കുമ്പോൾ തുറമുഖ ത്തിന്റെ ആഴം കൂട്ടുന്നതുവഴി കപ്പലുകൾക്ക് കരയിലേക്കടുക്കു വാൻ കഴിയുന്നതുമാണ്. പക്ഷെ, കപ്പലടുക്കാനും ചരക്ക് കയറ്റിറക്കു മതി ചെയ്യാനുമുള്ള ഒട്ടേറെ നവീന സൗകര്യങ്ങൾ ഇതോടൊപ്പം തയ്യാറാക്കേണ്ടതുണ്ട്. അത്തരം പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താ നും വേണ്ടത്ര ധനം ബജറ്റിൽ നീക്കിവെക്കാനും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളെ നാം നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കണം.

ബേപ്പൂരിനോടൊപ്പം ചാലിയവും കടലുണ്ടിയും വികസന വിധേ യമാവണം. വീതിയും ആഴവുമുള്ള ഒരു തോട് നിർമ്മിക്കുകവഴി കടലുണ്ടിപ്പുഴയുടെയും ബേപ്പൂർപ്പുഴയുടെയും അഴികൾ തമ്മിൽ യോ ജിപ്പിക്കാവുന്നതാണ്. എങ്കിൽ കപ്പലുകൾക്ക് കടലുണ്ടി ഭാഗത്തേക്ക് മാറി നങ്കൂരമിടാവുന്നതും കൂടുതൽ കയറ്റിറക്ക് സൗകര്യങ്ങൾ ലഭ്യ മാക്കാവുന്നതുമാണ്. മാത്രമല്ല കടലുണ്ടിയിൽ ഒരു നാവൽബേസ് ഏർപ്പെടുത്താവുന്നതുമാണ്. ചാലിയത്ത് ഗോഡൌണുകളും മറ്റ് സ്റ്റോറേജ് സൗകര്യങ്ങളുമുണ്ടാക്കാവുന്നതാണ്. റെയിൽവേ ടെർ മിനസ് ബേപ്പൂരിലായിരിക്കും സൗകര്യപ്പെടുക. ഇതിനെല്ലാം പുറമെ ചാലിയത്തും കടലുണ്ടിയിലും ടൂറിസ്റ്റുകൾക്കായി ഹോട്ടലുകളും മറ്റ് വിനോദകേന്ദ്രങ്ങളും ഏർപ്പെടുത്താവുന്നതുമാണ്. കടലുണ്ടിയെ നല്ലൊരു പക്ഷിസങ്കേതമായും വികസിപ്പിക്കാം. ഇപ്പോൾ തന്നെ ചില കാലങ്ങളിൽ കൌതുകമുളവാക്കുന്ന ധാരാളം ദേശാടന പക്ഷി കൾ കടലുണ്ടിയിൽ വരാറുണ്ട്. തുറമുഖം വികസിക്കുന്നതോടെ ഇനിയും പല പഠന ഗവേഷണകേന്ദ്രങ്ങളും വ്യവസായശാലകളും വളർത്തിയെടുക്കുകയും ചെയ്യാം.

തുറമുഖം വളരുന്നതോടൊപ്പം നിലമ്പൂർ, വയനാട് എന്നിവിടങ്ങ ളിലെ സ്വർണ്ണം, ഇരുമ്പ് മുതലായ ലോഹ അയിർ ഖനനം ചെയ്ത് നേരെ ബേപ്പൂരിൽ കൊണ്ടുവന്ന് കയറ്റുമതി ചെയ്യാവുന്നതാണ്. പഴയ മലബാറിന്റെ ഭൂഗർഭവിഭവങ്ങളെക്കുറിച്ച് ഒരു സമഗ്രപഠനം നടത്തു ന്നതായാൽ പലതും ഖനനം ചെയ്തെടുക്കാനും അവ വ്യാപാരച രക്കായി മാറ്റാനും കഴിഞ്ഞേക്കും.

ബേപ്പൂർ, ചാലിയം, കടലുണ്ടി, ഫറൂക്ക് എന്നീ പഞ്ചായത്തുകളെ ഒരു വികസന അതോറിറ്റിയുടെ പരിധിയിൽ കൊണ്ടു വരികയും ഈ സ്ഥലങ്ങളുടെ സമഗ്രമായ വികസനത്തിനായി ഒരു പദ്ധതി ആസൂത്രണം ചെയ്യേണ്ടതുമാണ്. ഈ പ്രക്രിയയിൽ ഫാറൂഖ് കോളേ ജിനും, കോഴിക്കോട് സർവ്വകലാശാലക്കും യോജിച്ചുകൊണ്ട് പ്രവർ ത്തിക്കാവുന്നതുമാണ്. അങ്ങിനെ ഫാറൂഖ് കോളേജിന്റെ കൈവശ മുണ്ടെന്ന് പറയപ്പെട്ടിരുന്ന അലാവുദ്ദീന്റെ അത്ഭുതവിളക്കിന്റെ പ്രഭ ചുറ്റുപാടും വിതറാവുന്നതാണ്.